File No.SCSTDD-F1/59/2021-SCSTDD

004559

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പാലക്കാട് ഗവ.മെഡിക്കൽ കോളേജിലെ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ്) ഭരണവിഭാഗം തസ്തികകളിൽ പട്ടികജാതി വകുപ്പിലെ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.431/2021/പ.ജ.പ.വ.വി.വ തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 122.2021 ലെ എസ്റ്റ എ1-3106/2021 നമ്പർ കത്ത്

ഉത്തരവ്

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി വികസന വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിൽ ആരംഭിച്ചിട്ടുള്ള മെഡിക്കൽ കോളേജിലെ വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് നിലവിൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ നിയമന രീതി മാതൃകയാക്കികൊണ്ട് ടി സ്ഥാപനത്തിലെ ഭരണ നിർവ്വഹണവും നിയന്ത്രണവും നിർവ്വഹിക്കുന്നതിന് വേണ്ടിയുള്ള തസ്തികകളിൽ പട്ടികജാതി വികസന വകുപ്പിലെ ജീവനക്കാരെ സ്ഥിരം/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

1) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സൂപ്രണ്ട്, ക്ലർക്ക് തസ്തികകളിലേക്ക് ഇനി വരുന്ന ഒഴിവിലേക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തേണ്ടതാണ്.

2) ഗവേണിങ് ബോഡിയുടെ അംഗീകാരത്തോടുകൂടി ആവശ്യമായ ഭേദഗതി ബൈലോയിൽ വരുത്താനുള്ള നടപടി ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ്, സ്വീകരിയ്ക്കേണ്ടതാണ്.

AnyScanner

File No.SCSTDD-F1/59/2021-SCSTDD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷർമിള.സി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ്,പാലക്കാട്.

രജിസ്ട്രാർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ്,പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ /(ഓഡിറ്റ്) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ,ഐ&പി.ആർ.ഡി, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്- ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

SCAN AnyScanner